**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തു നികുതി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് 31/03/2018 വരെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 589/2018/തസ്വഭവ                തിരുവനന്തപുരം, തീയതി: 01.03.2018

---

പരാമർശം:- 1) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.11.2017 ലെ യോഗത്തിലെ 3.10 ,4.32 നമ്പർ തീരുമാനങ്ങൾ

2) 28/11/2017 ലെ സ.ഉ. (സാധാ) നം.3843/2017/ത.സ്വ.ഭ.വ.

3) പഞ്ചായത്ത് ഡയറക്ടറുടെ 26/02/02018 ലെ സി3 24035/2016 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതി കുടിശ്ശിക പിഴപ്പലിശ കൂടാതെ അടയ്ക്കുന്നതിനുള്ള കാലാവധി 28/02/2018 വരെ നീട്ടി നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഗ്രാമ പഞ്ചായത്തുകൾ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തി കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതി ഊർജ്ജിതമായി പിരിച്ചെടുക്കുകയുണ്ടായെന്നും പിഴപ്പലിശ ഒഴിവാനുകൂല്യം 31/03/2018 വരെ ദീർഘിപ്പിച്ച് നൽകുകയാണെങ്കിൽ വസ്തു നികുതി പിരിവ് പരമാവധിയാക്കുവാൻ സാധിക്കുമെന്നും സൂചന (3) പ്രകാരം റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് 1994-ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 538(2), കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (ഇ) എന്നിവയിലെ വ്യവസ്ഥകൾ ഇളവ് ചെയ്ത്, വസ്തു നികുതി കുടിശ്ശിക ഒറ്റതവണയായി അടയ്ക്കുന്നപക്ഷം പലിശയും പിഴപ്പലിശയും 31/03/2018 വരെ ഒഴിവാക്കി ഉത്തരവാകുന്നു. ഈ വർഷത്തെ വസ്തു നികുതിയും മുഴുവൻ പിരിച്ചെടുക്കേണ്ടതാണ് .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ. ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

1. പഞ്ചായത്ത്ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന ).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.

5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. തദ്ദേശ സ്വയം ഭരണ (ഡി എ )വകുപ്പ്.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ